# Malayala Manorama

# 18 June 2018

# Pallithodu, Coastal Residents, Sea Level Rise

## പള്ളിത്തോട് കടലോര നിവാസികൾ ഭീതിയിൽ, കടൽ കയറ്റം തുടരുന്നു

അരൂർ • കാലവർഷം ശക്തി പ്രാപിച്ചതോടെ പള്ളിത്തോട് കടലോര നിവാസികൾ ഭീതിയിൽ. തകർന്ന കടൽഭിത്തിക്ക് മുകളിലൂടെ ഉയരുന്ന തിരമാല തീരത്ത് ആശങ്ക പരത്തുകയാണ്. രണ്ടു ദിവസമായി തുടരുന്ന അതി ശക്തമായ കാറ്റ് തീരപ്രദേശങ്ങളിൽ ശക്തമായ കടലാക്രമണത്തിനു കാരണമാകുന്നു.

തീരത്തോടു ചേർന്നുള്ള ആയിരത്തോളം കുടുംബങ്ങളാണ് ഭീതിയിലായിരിക്കുന്നത്. കടലാക്രമണത്തെ തടയാൻ മുൻകരുതൽ നടപടിയായി തീരത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ഇത്തവണ അധികൃതരുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല. സ്വന്തം ചെലവിൽ മണൽ വാടയും ചാക്കുകളിൽ മണൽ നിറച്ചും പ്രതിരോധം സൃഷ്ടിക്കുകയാണ് തീരപ്രദേശത്തുകാർ. അധികൃതരുടെ അവഗണനയ്ക്കെതിരെ പ്രതിഷേധം ആളിക്കത്തുമ്പോഴും സ്വയരക്ഷയ്ക്ക് പ്രതിരോധ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ് തീരത്തുള്ളവർ.

തീരപ്രദേശങ്ങളിൽ മിക്കയിടങ്ങളിലും കടൽഭിത്തി പേരിനു മാത്രമാണുള്ളത്.

ശക്തമായ കടലാക്രമണം ഉണ്ടാകുന്നതും ഇതുകൊണ്ടുതന്നെയാണ്.

കടൽഭിത്തിയിൽ പുനർനിർമാണം നടത്തുവാനോ പുലിമുട്ട് സ്ഥാപിക്കുവാനോ അധികൃതർക്ക് കഴിയാത്തിടത്തോളം കാലം തീരം ശക്തമായ കടലാക്രമണത്തിനിടയാകും.

15 വർഷത്തിൽ കൂടുതലായി കടൽഭിത്തിയിൽ പുനർനിർമാണം നടന്നിട്ട്.